**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ : 178**

**28.05.2019 ൽ**
**മറുപടിക്ക്**

# വേങ്ങര പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

| ചോദ്യം<br>ശ്രീ. കെ.എൻ.എ. ഖാദർ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | വേങ്ങര പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ട സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; സ്ഥലം കൈമാറി കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) | മലപ്പുറം ജില്ലയിലെ വേങ്ങര പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ വേങ്ങര വില്ലേജ് റീ സർവ്വേ നമ്പർ 326-1 ലെ 50 സെന്റിൽ 25 സെന്റ് ഭൂമി അനുയോജ്യമാണെന്ന് കണ്ടെത്തുകയും പ്രസ്തുത ഭൂമി കൈമാറാൻ മൃഗസംരക്ഷണ വകുപ്പിന്റെ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുവാൻ മലപ്പുറം ജില്ലാ കളക്ടർക്ക് റവന്യൂ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ അധികൃതരുമായി ബന്ധപ്പെട്ട് ഭൂമി വിട്ടുനൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | ഇവിടെ പുതിയ കെട്ടിടം പണിയുവാൻ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; പ്രസ്തുത പോലീസ് സ്റ്റേഷന്റെ പ്രവർത്തനം എത്ര നാൾ കൊണ്ട് സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുവാൻ സാധിക്കുമെന്ന് അറിയിക്കാമോ; | ബി) | ടി സ്ഥലം പോലീസ് വകുപ്പിലേക്ക് കൈമാറി കിട്ടുന്ന മുറയ്ക്ക് ആയതിന്റെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| സി) | ഹൈക്കോടതി വിധി പ്രകാരം വാടകക്കെട്ടിടം ഒഴിഞ്ഞു കൊടുക്കേണ്ടി വന്ന സാഹചര്യം മനസ്സിലാക്കി കെട്ടിടനിർമ്മാണം പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | സി) | നിലവിൽ വേങ്ങര പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്ന വാടക കെട്ടിടം സമയബന്ധിതമായി ഒഴിഞ്ഞുകൊടുക്കേണ്ടതുള്ളതിനാലും വേങ്ങര പോലീസ് സ്റ്റേഷൻ പ്രവർത്തനം സുഗമമായി മുന്നോട്ട് കൊണ്ട് പോകുന്നതിനുമായി മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ